 റ്റി. ക്യൂ (1 ) 13382/19

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം, 1 6 /04/2019

പ്രേഷിതൻ,

കൃഷി ഡയറക്ടർ

സ്വീകർത്താവ് ,

എല്ലാ കിടനാശിനി ഉൽപാദകർക്കും വിതരണക്കാർക്കും .

സർ,

വിഷയം :- കീടനാശിനി ഉൽപാദകരും വിതരണക്കാരും ഇൻസെക്ടിസൈഡ് ആക്ട് 1968 & ഇൻസെക്ടിസൈഡ് റൂൾസ് 1971 പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്:-

സുചന :- 18/03/2019 ൽ നടത്തിയ ശില്പശാലയിലെ തീരുമാനം.

18/03/2019-ൽ കീടനാശിനി ഉൽപാദകർക്കും വിതരണക്കാർക്കും വേണ്ടി നടത്തിയ ശില്പശാലയിലെ നിർദ്ദേശപ്രകാരം കീടനാശിനി ലൈസൻസ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. നിങ്ങളുടെ പക്കലുള്ള ലൈസൻസ് സ്വയം പരിശോധിക്കുക. ലൈസൻസിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളിൽ (ലൈസൻസിയുടെ മേൽവിലാസം, കടയുടെ കേട്ടിടനംപർ ഉൾപ്പടെയുള്ള മേൽവിലാസം, ടെക്നിക്കൽ പെഴ്സൺ, ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന്/വിൽക്കുന്നതിനുള്ള കാലാവധി മുതലായവ) എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ നിലവിലെ ലൈസൻസ് ഭേദഗതി ചെയ്യുന്നതിന് ബന്ധപ്പെട്ട കൃഷി ഭവനിൽ ഇതോടൊപ്പമുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കും പ്രകാരം 30/04/2019 ന് അപേക്ഷ നൽകേണ്ടതാണ്.

ലൈസൻസിൽ ഉൾപ്പെട്ടിട്ടുള്ള ഉത്പന്നങ്ങൾ മാത്രമേ ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനും പാടുള്ളൂ. ലൈസൻസ് പ്രകാരം ഏതെങ്കിലും ഉല്പന്നം ഉത്പാദിപ്പിക്കുന്നത്തിനോ വിതരണം ചെയ്യുന്നതിനോ ഉള്ള കാലാവധി കഴിഞ്ഞു എങ്കിൽ അവയുടെ ഉത്പാദനം/വിതരണം തുടരണമെങ്കിൽ നിലവിലെ ലൈസൻസിൽ അവ ഭേദഗതിയിലൂടെ നിശ്ചിത ഫീസ് അടച്ച് കുട്ടി ചേർക്കേണ്ടതാണ്. അതുപോലെ പുതിയ ഉത്പന്നങ്ങൾ നിലവിലെ ലൈസൻസിൽ കുട്ടി ചെർക്കണമെങ്കിലും നിശ്ചിത ഫീസ് അടച്ച് ലൈസൻസ് ഭേദഗതി ചെയ്യുന്നതിന് ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്.

ലൈസൻസിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കപ്പെടേണ്ടതാണ്. കീടനാശിനി ഉൽപാദകർ കീടനാശിനി ഉത്പാദനം സംബന്ധിച്ച റിപ്പോർട്ട് ***അപ്പെൻഡിക്സ് ഡി 1 & ഡി 2*** ൽ എല്ലാ മാസവും അഞ്ചാം തീയതിക്കകം ലൈസൻസിംഗ് അതോറിട്ടിക്ക്

td3section@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയക്കേണ്ടതും , പകർപ്പ് ബന്ധപ്പെട്ട കൃഷി ഭവന് നൽകേണ്ടതുമാണ്. അതുപോലെ എല്ലാ കീടനാശിനി മൊത്ത വിതരണക്കാരും കീടനാശിനി വിതരണം സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും അഞ്ചാം തീയതിക്കകം ലൈസൻസിംഗ് അതോറിട്ടിക്ക് ***അനക്സർ 7*** ൽ td3section@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയക്കേണ്ടതും , പകർപ്പ് ബന്ധപ്പെട്ട കൃഷി ഭവന് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

കൃഷി അഡിഷണൽ ഡയരക്ടർ (സി.പി.)

ഉള്ളടക്കം :

കീടനാശിനി ലൈസൻസ് – മാർഗ്ഗ നിർദ്ദേശങ്ങൾ